# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2444 05.11.2019- ൽ മറുപടിക്ക്

### ചെറുകിട വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) | കുടിൽ വ്യവസായങ്ങളുൾപ്പെടെയുള്ള സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നിലവിൽ വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. സംരംഭകത്വ സഹായപദ്ധതി<br>2. നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി<br>3. തകർച്ച നേരിടുന്ന എം.എസ്.എം.ഇ കളുടെ പുനരുദ്ധാരണ പദ്ധതി<br>4. ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം (MSE-CDP)<br>5. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി<br><br>മേൽ വിവരിച്ച പദ്ധതികൾക്ക് പുറമെ കൂടുതൽ പേരെ സംരംഭകരാക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന സംരംഭക പരിശീലന /പ്രോത്സാഹന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്.<br><br>• ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ<br>• സംരംഭകത്വ ബോധവൽക്കരണ പരിപാടി (EAP)<br>• സംരംഭകത്വ വികസന പരിപാടി (EDP)<br>• നിക്ഷേപ സംഗമം<br>• ടെക്നോളജി ക്ലിനിക്ക് |

| | | | |
|---|---|---|---|
| | | | • ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>• ഇ.ഡി ക്ലബ്ബുകൾ |
| ബി) | ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30/09/2019 വരെ വ്യവസായ വകുപ്പ് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സംരംഭക സഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപ വിവിധ സംരംഭകർക്കായി അനുവദിച്ചിട്ടുണ്ട്.<br>2. സംരംഭക വികസന പരിപാടിയുമായി ബന്ധപ്പെടുത്തി 60 പേർക്ക് സംരംഭകത്വ പരിശീലനം നൽകിയിട്ടുണ്ട്.<br>3. സംരംഭക ബോധവൽക്കരണ പരിപാടി മുഖേന 320 പേർക്ക് വ്യവസായ സംരംഭകത്വം സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ടെക്നോളജി ക്ലിനിക്ക് പ്രകാരം 20 പേർക്ക് മൂന്ന് ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.<br>4. ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം: 10 പേർക്ക് 25 ദിവസത്തെ ഗാർമെന്റ് & ടെക്സ്റ്റൈയിൽസ്, പ്രിസിഷൻ എഞ്ചിനീയറിംഗ് എന്നിവയുടെ പരിശീലനം നൽകിയിട്ടുണ്ട്. |
| സി) | ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ 30/09/2019 വരെ 5204 എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ആയതിലൂടെ 344.46 കോടി രൂപയുടെ നിക്ഷേപവും 18735 തൊഴിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**